*Jagratha Special*

Vol-II, Issue: 38
02-12-- 2008

*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

(For Private Circulation Only)

**Commission Chairman**
Rt. Rev. Dr. Stanley Roman
**Commission Secretary**
Fr. Johny Kochuparambil MST

# ജാഗ്രത

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

## അഭയക്കേസ് : രണ്ടു വൈദീകരും കന്യാസ്ത്രീയും അറസ്റ്റിൽ

## പ്രതികരണങ്ങളിലൂടെ...

### 01. സത്യത്തെ മറച്ചുവയ്ക്കാൻ സാധിക്കില്ല : മാർ മാത്യു മൂലക്കാട്ട്

അഭയാ കേസിൽ ഇതുവരെയുള്ള പുതിയ സംഭവവികാസങ്ങൾ നിരീക്ഷിക്കുമ്പോൾ സത്യത്തെ മറച്ചുവയ്ക്കാനും കുഴിച്ചുമൂടാനുമുള്ള ശ്രമങ്ങൾ വ്യാപകമായി നടക്കുന്നുവെന്നു മാർ മാത്യു മൂലക്കാട്ട്. കോട്ടയം അതിരൂപത കെ.സി.വൈ.എൽ ന്റെയും അൽമായ സംഘടനകളുടെയും സംയുക്താഭിമുഖ്യത്തിൽ അഭയാ കേസ് സംബന്ധിച്ചു സഭയുടെ നിലപാട് വ്യക്തമാക്കുന്നതിനായി കൈപ്പുഴ സെന്റ് ജോർജ് ഫൊറോനാ പള്ളി പാരിഷ് ഹാളിൽ സംഘടിപ്പിച്ച ഐക്യദാർഢ്യ കൺവൻഷനിൽ മുഖ്യസന്ദേശം നല്കുകയായിരുന്നു മാർ മാത്യു മൂലക്കാട്ട്. കേസന്വേഷണത്തെ സ്വാധീനിക്കുവാൻ ചിലർ ശ്രമിക്കുന്നുവെന്ന ആരോപണം നിലനിൽക്കുന്നതിനാൽ ഈ സ്വാധീനശക്തികളെ തെളിവുകൾ നിരത്തി പുറത്തുകൊണ്ടുവരാൻ അന്വേഷണ ഏജൻസികൾക്കു ബാധ്യതയുണ്ടെന്ന് അദ്ദേഹം പറഞ്ഞു. സഭ എക്കാലത്തും ജനാധിപത്യ മൂല്യങ്ങളിൽ വിശ്വസിക്കുന്നു. സിസ്റ്റർ അഭയാ കേസ് മുൻവിധികളോടെ മുൻപോട്ടു പോകുന്നതു ജനാധിപത്യ മൂല്യങ്ങൾക്കു സംഭവിക്കുന്ന അപചയമായേ കാണുവാൻ കഴിയൂ. സത്യം പുറത്തുവരണം, കുറ്റവാളികൾ ശിക്ഷിക്കപ്പെടണം സഭയുടെ നിലപാട് എന്നും ഇതാണ്. എന്നാൽ, നിരപരാധികളെ കുറ്റക്കാരായി ചിത്രീകരിക്കുന്നത് ഉത്കണ്ഠാജനകമാണ്. പ്രാർഥനയുടെ ശക്തിയാൽ പ്രതിസന്ധിഘട്ടങ്ങളെ മറികടക്കാനാവുമെന്നും അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു. സത്യം പുറത്തുകൊണ്ടുവരുന്നതിനായി ഇക്കാലമത്രയും ഈ കേസിൽ സഭ നടത്തിയ പ്രതികരങ്ങളും പ്രവർത്തനങ്ങളും പ്രഫ. ബാബു പൂഴിക്കുന്നേൽ വിശദീകരിച്ചു. സി.ബി.ഐ, വൈദികരേയും കന്യാസ്ത്രീകളേയും സംബന്ധിച്ചു വെളിപ്പെടുത്തുന്ന വാദമുഖങ്ങൾ അവാസ്തവമാണെന്നും സാമാന്യയുക്തിക്കു നിരക്കുന്നതല്ലെന്നും അതിരൂപതാ പി.ആർ.ഒ ഫാ. ജോസഫ് ഈഴാറത്ത് അഭിപ്രായപ്പെട്ടു. കോടതി, മാധ്യങ്ങളുടെ ഭാഷയിൽ സംസാരിക്കുന്നതു വേദനാജകമാണെന്നു ഫാ. ബെന്നി കന്നുവെട്ടിയിൽ പറഞ്ഞു. സഭയുടെ നിഷ്കളങ്കവും ആത്മാർഥവുമായുള്ള സഹകരണവും സമീപനവും വിമർശിക്കുന്നവർ സഭയുടെ ആത്മാഭിമാനത്തെ മുറിപ്പെടുത്തുന്നുവെന്നും അദ്ദേഹം പറഞ്ഞു.

### 02. മുൻവിധികളില്ലാത്ത അന്വേഷണം സ്വാഗതാർഹം : മാർ ജോസഫ് കല്ലറങ്ങാട്ട്

അന്വേഷണത്തെ അട്ടിമറിക്കുവാൻ സഭ ഒരുവിധത്തിലും ശ്രമിച്ചിട്ടില്ലെന്നും മുൻവിധികളില്ലാത്ത അന്വേഷണം സ്വാഗതാർഹമാണെന്നും മാർ ജോസഫ് കല്ലറങ്ങാട്ട്. കഴിഞ്ഞ പതിനാറു വർഷമായി കേരളാപോലീസും ക്രൈംബ്രാഞ്ചും സി.ബി.ഐയുടെ ആറോളം ടീമുകളും മാറിമാറി അന്വേഷിച്ച് ആത്മഹത്യയാണെന്നും പിന്നീട് കൊലപാതകമാണെന്നും എന്നാൽ, പ്രതികളെ അറിഞ്ഞുകൂടെന്നും

പറഞ്ഞ് എഴുതിത്തള്ളിയതാണ് സിസ്റ്റർ അഭയാ കേസ്. കോട്ടയം ടൗണിന്റെ മദ്ധ്യത്തിൽ സ്ഥിതിചെയ്യുന്ന, കോട്ടയം ക്നാനായ കത്തോലിക്കാ അതിരൂപതയ്ക്കു കീഴിൽ നടത്തപ്പെടുന്ന, പയസ് ടെൻത് കോൺവെന്റ് ഹോസ്റ്റലിന്റെ മുറ്റത്തെ കിണറ്റിൽ 1992 മാർച്ച് 28-നു വെളുപ്പിന് സിസ്റ്റർ അഭയ മരിച്ചു കിടക്കുന്നതായിട്ടാണ് കാണപ്പെട്ടത്. തുടർന്ന് കോട്ടയം ലോക്കൽ പോലീസും ക്രൈം ബ്രാഞ്ചും സി.ബി.ഐയുടെ ആദ്യ ടീമുകളും അന്വേഷിച്ച് ഇത് ആത്മഹത്യയാണെന്ന നിഗമനത്തിലെത്തി. എന്നാൽ, കത്തോലിക്കാസഭയ്ക്കെതിരായിട്ടുള്ള ചില ശക്തികളും മാധ്യമങ്ങളും ഇത് ആത്മഹത്യയല്ല കൊലപാതകമാണെന്നും പ്രതികൾ രണ്ടു പുരോഹിതരും കന്യാസ്ത്രീകളുമാണെന്നും പ്രചരിപ്പിച്ചു. പ്രസ്തുത പുരോഹിതരെയും കന്യാസ്ത്രീകളെയും സി.ബി. ഐയുടെ വിവിധ ടീമുകൾ നിരന്തരം ചോദ്യംചെയ്ത് പീഡിപ്പിക്കുകയായിരുന്നു. അവരെ എല്ലാം പോളിഗ്രാഫ്, ബ്രെയിൻ മാപ്പിംഗ്, നാർകോ അനാലിസിസ് തുടങ്ങിയ ശാസ്ത്രീയപരിശോധനകൾക്കു വിധേയമാക്കി. ഇതിൽനിന്നൊന്നും അവർ കുറ്റവാളികളാണെന്നു തെളിയിക്കാനായില്ല. തുടർന്ന് കേരള ഹൈക്കോടതിയുടെ നേരിട്ടുള്ള ഇടപെടലിൽ കേസന്വേഷണം സി.ബി.ഐയുടെ കേരള യൂണിറ്റിനെ ഏൽപ്പിക്കുകയും അന്വേഷണ ഉദ്യോഗസ്ഥനെ ചേമ്പറിൽ വിളിച്ച് പ്രത്യേക നിർദ്ദേശങ്ങൾ കൊടുത്ത് സമയബന്ധിതമായി പ്രതികളെ കണ്ടെത്തുവാൻ നിർദ്ദേശിക്കുകയും ചെയ്തു. രണ്ടാഴ്ചയ്ക്കുള്ളിൽ രണ്ടു പുരോഹിതരെയും ഒരു കന്യാസ്ത്രീയെയും കസ്റ്റഡിയിൽ എടുത്ത് അറസ്റ്റു ചെയ്യുകയും നിരന്തരം ചോദ്യംചെയ്ത് പീഡിപ്പിക്കുകയുമാണ്.61-ഉം 56-ഉം വയസ്സായ രണ്ടു പുരോഹിതരെയും ഒരു കന്യാസ്ത്രീയെയും 14 ദിവസത്തേക്ക് സി.ബി.ഐക്കു വിട്ടുകൊടുത്തതുതന്നെ അസാധാരണമായ ഒരു നിയമനടപടിയാണ്. മനുഷ്യാവകാശ നിയമമനുസരിച്ച്, സുപ്രീംകോടതി നൽകിയിട്ടുള്ള നിർദേശപ്രകാരം അവരെ ചോദ്യംചെയ്യുമ്പോൾ അവരുടെ അഭിഭാഷകന്റെ സാന്നിദ്ധ്യം ഉറപ്പാക്കേണ്ടതാണ്. ഇവിടെ ഇത് ലംഘിക്കപ്പെട്ടിരിക്കുന്നു. സി.ബി.ഐയുടെ മുഖം സംരക്ഷിക്കാൻവേണ്ടി തിടുക്കത്തിൽ തട്ടിക്കൂട്ടിയ ഒരു കള്ളക്കേസാണ് ഇതെന്ന് നിയമവിദഗ്ധരും വിവരമുള്ള പൊതുജനങ്ങളും പറയുന്നു. ഇങ്ങനെയൊക്കെ സംഭവിക്കുന്നത് എന്തുകൊണ്ടാണെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. സത്യം പുറത്തുവരണമെന്ന് സഭാംഗങ്ങൾക്ക് താത്പര്യമുണ്ട്. വ്യാജത്തെളിവുകളെയും കള്ളസാക്ഷികളെയും ആധാരമാക്കി നടത്തുന്ന അന്വേഷണങ്ങൾക്ക് വിശ്വാസ്യതയില്ല. ഒരു ജുഡീഷ്യൽ അന്വേഷണം നടത്തുക എന്നതാണ് ആവശ്യം. സത്യസന്ധവും മുൻവിധികളില്ലാത്തതുമായ ഏതൊരു അന്വേഷണത്തെയും സഭ സ്വാഗതം ചെയ്യും.

മാധ്യമ ധർമങ്ങൾക്ക് എതിരായ പ്രവണതകൾ അഭയാ കേസുമായി ബന്ധപ്പെട്ട് വർദ്ധിച്ചുവരുന്നുവെന്നത് തികച്ചും അപലപനീയമാണ്. ചില പത്രങ്ങളും ചാനലുകളും ജുഡീഷ്യറിയുടെ അധികാരം ഏറ്റെടുക്കുകയും വാർത്താ അവതാരകർ സ്വയം ന്യായാധിപന്മാരാകുകയും ശ്രോതാക്കളുടെ വോട്ടെടുപ്പിലൂടെ പ്രതിയെ തീരുമാനിക്കുകയും വിധി പ്രഖ്യാപിക്കുകയും ചെയ്യുന്ന അവസ്ഥ സംജാതമായിരിക്കുന്നു. ജനാധിപത്യ വിരുദ്ധമാണ് ഈ മാദ്ധ്യമപ്രവണതകൾ. അഭയ കേസന്വേഷണം പുരോഗമിക്കുന്നതിനിടെ രണ്ടു ബിഷപ്പുമാർ രഹസ്യദൗത്യവുമായി ഡൽഹിയിലെത്തിയെന്ന് പറയുന്ന ചില മാദ്ധ്യമങ്ങളുടെ സൃഷ്ടി വ്യാജവും കെട്ടിച്ചമച്ചതുമാണ്. അടിസ്ഥാനരഹിതമായ വാർത്തകൾ വഴി സഭയെ താറടിക്കുവാനായി നടത്തുന്ന ശ്രമങ്ങൾ ആപത്കരമാണ്. കുറ്റാരോപിതരായവർ കുറ്റക്കാരല്ല. കുറ്റം തെളിയിക്കപ്പെടുന്നതുവരെ അവർ നിരപരാധികളായി കരുതപ്പെടണമെന്നതാണ് സാമാന്യനിയമം. എന്നാൽ, ഈ സാമാന്യനിയമം മറികടന്ന് പല മാധ്യമങ്ങളും വ്യക്തിഹത്യയും സമുദായഹത്യയും നടത്തുന്നത് ഖേദകരമാണ്. കുറ്റാരോപിതരായി അറസ്റ്റിലായ വൈദികരുടെയും കന്യാസ്ത്രീയുടെയും ഈ കേസിനെപ്രതി വേദന സഹിക്കുന്ന സകലരുടെയും വേദനയിൽ പങ്കുചേരുന്നു. നീതിയുക്തവും നിക്ഷ്പക്ഷവുമായ അന്വേഷണത്തിലൂടെ സത്യങ്ങൾ പൂർണമായി വെളിച്ചത്തുകൊണ്ടുവരാൻ ചുമതലപ്പെട്ടവർക്ക് സാധിക്കട്ടെയെന്നും മാർ ജോസഫ് കല്ലറങ്ങാട്ട് പ്രസ്താവനയിൽ പറഞ്ഞു.

## 03. സത്യം പുറത്തുകൊണ്ടുവരണം: ആർച്ച്ബിഷപ് മാർ വലിയമറ്റം

സിസ്റ്റർ അഭയയുടെ മരണം സംബന്ധിച്ച് ഉയർന്നുവരുന്ന ആരോപണങ്ങളും കണ്ടെത്തലുകളായി പ്രചരിപ്പിക്കപ്പെടുന്ന കാര്യങ്ങളും തെറ്റായ ദിശയിലേക്ക് നീങ്ങിത്തുടങ്ങിയതിൽ തലശേരി ആർച്ച്ബിഷപ് മാർ ജോർജ് വലിയമറ്റം ഉൽകണ്ഠ രേഖപ്പെടുത്തി.

തലശേരി അതിരൂപത വൈദിക സെനറ്റിലാണ് മാർ ജോർജ് വലിയമറ്റം അഭയ കേസിനെ സംബന്ധിച്ച പ്രസ്താവന നടത്തിയത്. അഭയാ കേസിൽ കോട്ടയം അതിരൂപത എടുത്തിട്ടുള്ള നിലപാടുകളോട് ഐക്യദാർഢ്യവും പിന്തുണയും അറിയിക്കാൻ തലശേരി അതിരൂപതാ വൈദിക സമിതി തീരുമാനിച്ചു.പതിനാറു വർഷങ്ങളായി സഭയുടെ ദുഃഖമായി മാറിയിരിക്കുന്ന സിസ്റ്റർ അഭയയുടെ മരണം സംബന്ധിച്ചു പ്രചരിച്ചുകൊണ്ടിരുന്ന അർധസത്യങ്ങളും അപവാദങ്ങളും കത്തോലിക്കാസഭയെ അധിക്ഷേപിക്കാനുള്ള ആയുധമായി ചില അധികാരികളും മാധ്യമങ്ങളും ഉപയോഗപ്പെടുത്തുന്നതിൽ കേരള സഭയ്ക്ക് അതിയായ ഉൽകണഠയുണ്ട്. കേസന്വേഷണത്തിനു കോടതി നൽകിയ സ്വാതന്ത്ര്യം സാമാന്യ നീതിയുടെ ലംഘനത്തിനുള്ള ലൈസൻസല്ല എന്ന് സി. ബി.ഐ യെക്കുറിച്ച് കേരള ഹൈക്കോടതി നടത്തിയ നിരീക്ഷണം തന്നെയാണ് സഭയ്ക്കുമുള്ളത്.

പതിനാറു വർഷം ഏഴോളം അന്വേഷണ ഏജൻസികൾ അന്വേഷിച്ചിട്ടും തെളിവ് ലഭിക്കാത്ത കേസിൽ രണ്ടു വൈദികരേയും ഒരു കന്യാസ്ത്രീയേയും അറസ്റ്റ് ചെയ്തു കസ്റ്റഡിയിൽ വാങ്ങിയശേഷം തെളിവുണ്ടാക്കാൻ നടത്തുന്ന ശ്രമം അപഹാസ്യവും സാമാന്യനീതിയുടെ ലംഘനവുമാണ്. വർഗീയ താൽപര്യങ്ങളെ താലോലിക്കുന്നതിലൂടെ സമൂഹത്തിൽ ഭിന്നത വളർത്താൻ പരിശ്രമിക്കുന്ന ചില മാധ്യമങ്ങളും സ്വാർത്ഥലാഭത്തിനായി സഭാനിന്ദ തൊഴിലാക്കിയ ചിലവ്യക്തികളുമാണ് ഈ കേസിന്റെ പ്രതിപ്പട്ടികയിൽ രണ്ടു വൈദികരെയും ഒരു കന്യാസ്ത്രീയേയും ആദ്യം ചേർത്തത്. മാറിമാറി വന്ന അന്വേഷണഏജൻസികളെല്ലാം മാധ്യമസൃഷ്ടിയായ ഈ പ്രതിപ്പട്ടിക തള്ളിക്കളഞ്ഞിരുന്നു. എന്നാൽ, കോടതിയുടെ നിരന്തരമായ ശാസനയിൽ നിന്ന് മുഖം രക്ഷിക്കാൻ സി.ബി.ഐ നടത്തിയ നാടകമാണ് ഈ ദിനങ്ങളിൽ നടന്നത് എന്ന് സംശയിക്കുന്നവർ ഏറെയുണ്ട്. സാഹചര്യത്തെളിവുകളുടെ മാത്രം അടിസ്ഥാനത്തിൽ അറസ്റ്റ് ചെയ്യപ്പെട്ടവരും കേസിൽ എഫ്. ഐ.ആറിൽ പോലും പരാമർശിക്കപ്പെടാത്തവരുമായ വ്യക്തികളെ കോടതിയിൽ ഹാജരാക്കിയപ്പോൾ കാട്ടിയ നാടകീയരംഗങ്ങൾ പബ്ലിസിറ്റിക്കു വേണ്ടി എഴുതിത്തയാറാക്കിയ തിരക്കഥയായിരുന്നു എന്ന് ആരെങ്കിലും സംശയിച്ചാൽ കുറ്റം പറയാനാവുമോ? മുഖം രക്ഷിക്കാനുള്ള അന്വേഷണ ഏജൻസിയുടെ വ്യഗ്രത തീരുമാനങ്ങളിലേക്ക് എടുത്തുചാടാൻ അവരെ പ്രേരിപ്പിച്ചതാണോ എന്ന സംശയം സാമാന്യജനത്തിനുമുണ്ട്.അറസ്റ്റ് ചെയ്യപ്പെട്ടവർ തെറ്റുകാരാണെങ്കിൽ തെറ്റിനുള്ള പരമാവധി ശിക്ഷ അവർക്ക് ലഭിക്കണമെന്നതാണ് സഭയുടെ നിലപാട്. എന്നാൽ, കുറ്റാരോപിതവ്യക്തികൾ കുറ്റം തെളിയുന്നതുവരെ നിരപരാധികളായി പരിഗണിക്കപ്പെടണം എന്ന സാമാന്യനീതി ലംഘിച്ചുകൊണ്ട് ഇവിടെ മാധ്യമങ്ങൾ നടത്തിയ വ്യക്തിഹത്യയ്ക്കും സമുദായഹത്യയ്ക്കും വഴിമരുന്നിട്ടത് അന്വേഷണ ഏജൻസിയുടെ അപക്വമായ നിലപാടുകളാണെന്ന് കരുതേണ്ടിയിരിക്കുന്നു.

ചില പത്രമാധ്യമങ്ങളും ചാനലുകളും ജുഡീഷ്യറിയുടെ റോൾ ഏറ്റെടുക്കുകയും വാർത്താവായനക്കാർ ന്യായാധിപവേഷം കെട്ടുകയും ശ്രോതാക്കളുടെ വോട്ടെടുപ്പിലൂടെ പ്രതിയെ തീരുമാനിക്കുകയും വിധി പ്രഖ്യാപിക്കുകയും ചെയ്യുന്ന അവസ്ഥ അങ്ങേയറ്റം അപലപനീയവും ജനാധിപത്യവിരുദ്ധവുമാണ്. കേരളത്തിലെ ഒരു പ്രമുഖപത്രമാകട്ടെ അറസ്റ്റ് ചെയ്യപ്പെട്ടവരുടെ ഫോട്ടോ നൽകിയ ശേഷം അവർ ചെയ്ത സാങ്കല്പിക തെറ്റിനെക്കുറിച്ച് ദൃക്സാക്ഷി വിവരണമെന്നോണം അടിക്കുറിപ്പ് നൽകി. ഇതു പത്രധർമത്തിന് ചേർന്നതാണോയെന്ന് ബന്ധപ്പെട്ടവർ ആലോചിക്കുന്നത് നല്ലതാണ്. അന്വേഷണത്തെ അട്ടിമറിക്കാൻ യാതൊരു വിധത്തിലും സഭ ശ്രമിച്ചിട്ടില്ലെന്നും മറിച്ചൊരു നിഗമനം ഉത്തരവാദപ്പെട്ടവരാരും ആരോപണമായി പോലും ഉന്നയിച്ചിട്ടില്ല എന്നുമുള്ള കോട്ടയം അതിരൂപതാധ്യക്ഷന്റെ പ്രസ്താവന ഈ കേസിലുള്ള സഭയുടെ സുതാര്യതയാണ് വ്യക്തമാക്കുന്നത്. സത്യസന്ധവും മുൻവിധികളില്ലാത്തതുമായ ഏതൊരു അന്വേഷണത്തെയും സർവാത്മനാ സഭാനേതൃത്വം സ്വാഗതം ചെയ്യുന്നു. ആരോപണങ്ങളുടെ മറവിൽ സഭയെ മൊത്തമായി കരിവാരിത്തേക്കാനുള്ള ചില മാധ്യമങ്ങളുടെ നിലപാടും അതിന് വളംവെച്ചുകൊടുക്കുന്ന അന്വേഷണ ഏജൻസികളുടെ വിചിത്രമായ വെളിപ്പെടുത്തലുകളും ഒരുപോലെ അപലപനീയമാണ്. പ്രാരംഭ ഇൻക്വസ്റ്റ് മുതൽ നാർക്കോ അനാലിസിസ് വരെയുള്ള അന്വേഷണങ്ങൾ അട്ടിമറിക്കപ്പെട്ടതായി മാധ്യമങ്ങൾ പ്രചരിപ്പിക്കുന്നു. എന്നാൽ ആരാണ് ഇതിന്റെ പിന്നിൽ പ്രവർത്തിച്ചതെന്ന് കണ്ടെത്തുന്നതിൽ അന്വേഷണ ഏജൻസികൾ പരാജയപ്പെടുന്നു. നിക്ഷിപ്ത താൽപര്യങ്ങളുള്ള മാധ്യമങ്ങൾ ഉയർത്തുന്ന പുകമറയിൽ സി.ബി.ഐക്കു പോലും വഴിതെറ്റുന്നു എന്ന് സംശയിക്കേണ്ട

സാഹചര്യമാണ് നിലവിലുള്ളത്. ഇതിൽ വിശ്വാസികൾക്ക് കഠിനമായ ദുഃഖവും ആശങ്കയുമുണ്ട്. മാധ്യമങ്ങൾ ഉത്സവം പോലെ ആഘോഷിച്ച മന്ദമരുതി കൊലക്കേസ് ഈ അവസരത്തിൽ പ്രസക്തമാണ്. അന്വേഷണ ഏജൻസിയുടെ വഴിതെറ്റിയ നിഗമനങ്ങൾ കീഴ്ക്കോടതിയുടെ വിധിയെ സ്വാധീനിച്ചെങ്കിലും അവസാനം നീതിപീഠം തന്നെ സത്യം പുറത്തുകൊണ്ടുവന്നു. അപ്പോഴും സഭ കേസിനെ സ്വാധീനിച്ചുവെന്ന ആരോപണവുമായി അച്ചുനിരത്തിയവരിൽ കേരളത്തിലെ പല പ്രമുഖപത്രങ്ങളുമുണ്ടായിരുന്നു. എന്നാൽ പതിറ്റാണ്ടുകൾക്കുശേഷം യഥാർത്ഥ പ്രതികൾ കുറ്റസമ്മതം നടത്തിയപ്പോഴാണ് സത്യം നക്ഷത്രശോഭയോടെ സകലർക്കും ബോധ്യമായത്. അഭയകേസിന്റെ അന്വേഷണവും ഇതേവഴിയിലാണോ നീങ്ങുന്നത് എന്ന് സംശയിക്കേണ്ടിരിക്കുന്നു. ഈ കേസിനെപ്രതി സഹിക്കുന്ന സകലരോടും ഐക്യദാർഢ്യം പ്രകടിപ്പിക്കുകയും സഹനത്തിന്റെ ഈ കാലഘട്ടത്തിൽ സത്യവിശ്വാസത്തിൽ ഉറച്ചുനിന്ന് സത്യം തന്നെയായ ദൈവം സകല സത്യങ്ങളും വെളിപ്പെടുത്തുന്ന നാളിനായി വിശ്വാസികൾ പ്രത്യാശയോടെ പ്രാർത്ഥനാപൂർവം കാത്തിരിക്കണമെന്ന് ആർച്ച് ബിഷപ് ഉദ്ബോധിപ്പിച്ചു.

## 04. യഥാർത്ഥ നീതി നടപ്പിലാകാൻ ഞങ്ങൾ ആഗ്രഹിക്കുന്നു:സുപ്പീരിയർ ജനറൽ

അവനു ക്ഷതമേൽക്കണമെന്നതു കർത്താവിന്റെ ഹിതമായിരുന്നു. അവിടുന്നാണ് അവനെ ക്ലേശങ്ങൾക്കു വിട്ടുകൊടുത്തത് എന്നു ബൈബിളിൽ ഏശയ്യാ പ്രവാചകന്റെ പുസ്തകംഅൻപത്തിമൂന്നാം അധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. കഴിഞ്ഞ 16 വർഷത്തെ സിസ്റ്റർ സെഫിയുടെ സഹനത്തെക്കുറിച്ചു ചിന്തിക്കുമ്പോൾ മേൽപ്പറഞ്ഞ വചനം ഞാൻ ഹൃദയത്തിൽ സൂക്ഷിക്കുന്നു.കുരിശിന്റെ പാതയിൽ തന്നെ ഒറ്റിക്കൊടുത്തവരേയും പീഡിപ്പിച്ചവരേയും അനുസ്മരിച്ചുകൊണ്ട് പിതാവേ, ഇവർ ചെയ്യുന്നതെന്താണെന്ന് ഇവരറിയുന്നില്ല. ഇവരോടു ക്ഷമിക്കണമെ എന്ന് യേശു പ്രാർഥിച്ചതുപോലെ ഞാനും എന്റെ സമൂഹവും സിസ്റ്റർ സെഫിയോടു ചേർന്നു പ്രാർഥിക്കുന്നു. യേശുവിനെ ഒറ്റിക്കൊടുത്തപ്പോഴും പീഡനങ്ങൾക്കും പരിഹാസങ്ങൾക്കും വിധേയനാക്കിയപ്പോഴും ജനം സത്യമറിയാതെ ആർപ്പുവിളിച്ചു. തങ്ങൾ വിജയിക്കുകയാണെന്ന് അഭിമാനിച്ചു. പക്ഷേ, അവർ പരാജിതരായി മാറി. യഥാർഥ വിജയം യേശുവിന്റേതായിരുന്നു. സഹനത്തിന്റെ അമൂല്യവില വിശുദ്ധ അൽഫോൻസാമ്മയുടെ വിശുദ്ധ പദവിയിലൂടെ നാം മനസിലാക്കിയിരിക്കുന്നു.

സിസ്റ്റർ സെഫി അംഗമായിരിക്കുന്ന സെന്റ് ജോസഫ്സ് കോൺ ഗ്രിഗേഷനിലെ സുപ്പീരിയർ ജനറൽ എന്ന നിലയിൽ സിസ്റ്ററിനെ കൂടുതൽ മനസിലാക്കിയ ഞാനും എന്റെ സമൂഹവും സിസ്റ്ററിന്റെ നിരപരാധിത്വത്തിൽ പരിപൂർണമായി വിശ്വസിക്കുന്നു. ഞങ്ങളുടെ ഹൃദയ നൊമ്പരങ്ങളും അഭിമാനക്ഷതവും വിലയേറിയ പനിനീർപ്പൂക്കളായി സ്വർഗീയഭവനത്തിൽ ശേഖരിക്കപ്പെടുമെന്ന് ഉറച്ചു വിശ്വസിക്കുന്നു. ഉറച്ച വിശ്വാസം ബലവത്തായ ഗോപുരം പോലെയാണെന്നും വിശ്വാസമുള്ളവരുടെ ജീവിതത്തിൽ അവർക്ക് എല്ലാം ക്രിസ്തുതന്നെയാണെന്നുംഞങ്ങൾ തിരിച്ചറിയുന്നു.അതുകൊണ്ടുതന്നെ കത്തോലിക്കാ സഭയുടെയും ലോകം മുഴുവന്റെയും വിശുദ്ധീകരണത്തിനായി സഹിക്കാൻ കോട്ടയം അതിരൂപതയിൽനിന്നു തെരഞ്ഞെടുക്കപ്പെട്ട ഞങ്ങളുടെ പ്രിയപ്പെട്ട സിസ്റ്റർ സെഫിയേയും നിഷ്കളങ്കരെന്നു ഞങ്ങൾക്കു വിശ്വാസമുള്ള ഞങ്ങളുടെ രണ്ടു വൈദിക സഹോദരങ്ങളെയും ഓർത്ത് ഞങ്ങൾക്കുള്ള അഗാധമായ വേദന മൗനമായി സഹിക്കുന്നു. ഇന്നു ലോകത്തിൽ നടമാടുന്ന തിന്മയുടെ ശക്തിയെ ദൂരീകരിക്കുവാൻ ഈ സഹനം കാരണമാകട്ടെ.യഥാർഥ സത്യം പുറത്തുകൊണ്ടുവരുവാനും യഥാർഥ നീതി നടപ്പിലാകുവാനും ഞങ്ങൾ ആഗ്രഹിക്കുന്നു. അതിനായി അന്വേഷണ ഏജൻസിയോട് സഹകരിക്കുകയും ചെയ്യുന്നു. സഭയെ കരിതേച്ചു കാണിക്കാനും കുറ്റം വിധിക്കാനും വെമ്പൽകൊള്ളുന്നവരുടെയും യഥാർഥ കുറ്റവാളികളുടെയും മാനസാന്തരത്തിനായി ഞങ്ങൾ പ്രാർഥിക്കുന്നു. യേശുവിന്റെ കാൽവരിയിലേക്കുള്ള യാത്രയിൽ കുരിശുംവഹിച്ചുകൊണ്ട് അനുയാത്ര ചെയ്യുന്ന ഈ സഹോദരങ്ങൾക്ക് പ്രാർഥനവഴി നമുക്കു ശക്തി പകരാം. പ്രാർഥനയിലൂടെ ഞങ്ങളെ ശക്തിപ്പെടുത്തുന്ന, ദുഃഖത്തിൽ പങ്കുചേരുന്ന എല്ലാവർക്കും നന്ദി.

## 05. സത്യം തെളിയിക്കപ്പെടണമെന്ന് കെ.സി.ബി.സി ജാഗ്രതാ കമ്മീഷൻ

സിസ്റ്റർ അഭയയുടെ മരണവുമായി ബന്ധപ്പെട്ട സംഭവത്തിൽ സത്യം തെളിയിക്കപ്പെടണമെന്നും ഒരു കാരണവശാലും നിരപരാധികൾ ശിക്ഷിക്കപ്പെടരുതെന്നും കെ.സി.ബി.സി ഐക്യ- ജാഗ്രതാ കമ്മീഷൻ സെക്രട്ടി ഫാ. ജോണി കൊച്ചുപറമ്പിൽ. അറസ്റ്റു ചെയ്തതുകൊണ്ടുമാത്രം ആരും കുറ്റവാളികളാകുന്നില്ല. അതു കോടതിയിൽ തെളിയിക്കപ്പെടണം. കോടതി കുറ്റക്കാരനാണെന്ന് വിധിച്ച ഫാ. ബെനഡിക്ട് ഓണംക്കുളം പിന്നീട് നിരപരാധിയാണെന്നു തെളിയിക്കപ്പെട്ടു. അഭയയുടെ മരണവുമായി ബന്ധപ്പെട്ട സംഭവത്തിൽ കത്തോലിക്കാ സഭ എന്നും ആത്മാർഥമായി സഹകരിച്ചിട്ടുണ്ട്. അഭയയുടെ ഘാതകരെ കണ്ടുപിടിക്കണമെന്നാവശ്യപ്പെട്ട് സഭയിലെ യുവജന സംഘടന സമരം ചെയ്തിട്ടുണ്ട്. സത്യം തെളിയിക്കപ്പെടണമെന്ന നിലപാടിൽ സഭ ഉറച്ചു നിൽക്കുന്നു. സിസ്റ്റർ അഭയയുടെ മരണവുമായി ബന്ധപ്പെട്ട് രണ്ട് വൈദികരെ മാത്രം കേന്ദ്രീകരിച്ചാണ് അന്വേഷണ സംഘങ്ങൾ നീങ്ങിയിരുന്നത്. ആരോപണ വിധേയരായ ചിലരെക്കുറിച്ച് അന്വേഷിക്കാൻ അന്വേഷണസംഘം ഒരിക്കലും തയാറായിട്ടില്ല. ആ വഴിക്ക് അന്വേഷണം നടത്താത്തതിൽ സംശയമുണ്ട്. നാർക്കോ അനാലിസിസ് ടെസ്റ്റിലും തെളിവു ലഭിച്ചിട്ടില്ല എന്ന് പറഞ്ഞ സി.ബി.ഐ ഇപ്പോൾ തിടുക്കത്തിൽ രണ്ടു വൈദികരെയും ഒരു കന്യാസ്ത്രീയെയും അറസ്റ്റു ചെയ്തത് സംശയം ജനിപ്പിക്കുന്നു. കഴിഞ്ഞ പതിനാറു വർഷമായി ഈ കേസുമായി ബന്ധപ്പെട്ടു നടന്ന എല്ലാ ബാഹ്യ ഇടപെടലുകളും അന്വേഷണ വിധേയമാക്കണം.- ഫാ. ജോണി കൊച്ചുപറമ്പിൽ പത്രക്കുറിപ്പിലൂടെ ആവശ്യപ്പെട്ടു.

## 06. അറസ്റ്റിൽ ദുരൂഹത : കെ.സി.വൈ.എം

സിസ്റ്റർ അഭയയുടെ മരണവുമായി ബന്ധപ്പെട്ടു നടന്ന അറസ്റ്റ് ദുരൂഹത ഉളവാക്കുന്നതാണെന്നു കെ.സി.വൈ.എം സംസ്ഥാന സമിതി അഭിപ്രായപ്പെട്ടു. കുറ്റവാളികൾ ആരായിരുന്നാലും അവർ ശിക്ഷിക്കപ്പെടേണ്ടതു തന്നെയാണ്. നിയമത്തിന് മുന്നിൽ പരമാവധി ശിക്ഷ കുറ്റവാളികൾ അർഹിക്കുകയും ചെയ്യുന്നു. എന്നാൽ, 16 വർഷത്തോളം പല തലങ്ങളിൽ അന്വേഷണം നടത്തുകയും തെളിവുകൾ നഷ്ടപ്പെട്ടു എന്നു കോടതിയിൽ പറയുകയും ചെയ്ത സി.ബി.ഐ പെട്ടെന്ന് ഒരു സുപ്രഭാതത്തിൽ തെളിവ് ലഭിച്ചു എന്നു അവകാശപ്പെട്ടു കൊണ്ടു നടത്തിയ അറസ്റ്റ് ദുരൂഹത ഉളവാക്കുന്നതാണ്. സത്യസന്ധവും നീതിയുക്തവുമായ അന്വേഷണവും നടപടികളുമുണ്ടാകണം. കുറ്റവാളികളെ നിയമത്തിനു മുന്നിൽ കൊണ്ടുവന്ന്, അവർ ആരായിരുന്നാലും മാതൃകാപരമായി ശിക്ഷിക്കേണ്ടതാണെന്നും സംസ്ഥാന സമിതി ചൂണ്ടിക്കാട്ടി.

## 07. സിസ്റ്റർ അഭയാ കേസ് സത്യമേ പുറത്തുവരാവൂ : കെ.സി.വൈ എൽ

സത്യം പുറത്തുവന്നാൽ മാത്രമേ സിസ്റ്റർ അഭയയ്ക്കും കുടുംബത്തിനും ക്നാനായ സമുദായത്തിനും നീതി ലഭിക്കുകയുള്ളൂവെന്ന് ക്നാനായ യൂത്ത് ലീഗ് പറഞ്ഞു. സിസ്റ്റർ അഭയയുടെ കേസന്വേഷണവുമായി കോട്ടയം അതിരൂപത പൂർണമായി നാളിതുവരെ സഹകരിച്ചിട്ടുണ്ട്. കോട്ടയം രൂപത ഈ കേസിൽ ഇതുവരെ ഒന്നും മറച്ചുവച്ചിട്ടില്ല. കോടതികളെ സഭയും സമുദായവും എന്നും ആദരിക്കുകയും ബഹുമാനിക്കുകയും അനുസരിക്കുകയും ചെയ്തിട്ടുണ്ട്. ഇന്നുവരെ ഒരിക്കൽപ്പോലും ഒരു കോടതിയും സഭയെയോ സഭാധികാരികളെയോ വിമർശിച്ചിട്ടില്ല. സത്യം തെളിയണമെന്ന ബോധ്യത്തിൽ അന്വേഷണ സംഘങ്ങളോട് പൂർണമായി സഹകരിക്കുന്ന സഭാ-സമുദായ നിലപാട് ബലഹീനതയായി കാണരുതെന്നും സത്യത്തെ വളച്ചൊടിക്കുന്നവരെ നേരിടാനുള്ള ശക്തി സഭയ്ക്കുണ്ടെന്നും കെ.സി.വൈ.എൽ ഫോർമർ ലീഡേഴ്സ് അതിരൂപതാ കോ-ഓർഡിനേറ്റർ ഷൈജി ഓട്ടപ്പള്ളി പ്രസ്താവനയിൽ പറഞ്ഞു.

## 08. അഭയാ കേസ്: ചില മാധ്യമങ്ങളുടെ പ്രചാരണം അടിസ്ഥാനരഹിതം : സിസ്റ്റർ വിനീത

അഭയാ കേസ് അന്വേഷണവുമായി ബന്ധപ്പെട്ട് തന്റെ പേരിൽ ചില മാധ്യമങ്ങൾ നടത്തുന്ന പ്രചാരണം അടിസ്ഥാനരഹിതമാണെന്ന് സിസ്റ്റർ വിനീത പറഞ്ഞു.

ഇപ്പോഴുള്ള അന്വേഷണസംഘം തന്നെ ചോദ്യം ചെയ്യുകയോ കസ്റ്റഡിയിലെടുക്കുകയോ ചെയ്തിട്ടില്ല. അഭയ മരിച്ച കാലഘട്ടത്തിൽ സെന്റ് ജോസഫ്സ് ജനറലേറ്റിലെ മദർ ജനറലിന്റെ സെക്രട്ടറിയായി പ്രവർത്തിക്കുകയായിരുന്നു. സംഭവദിവസം മദർ സ്ഥലത്തില്ലായിരുന്നു. അതിനാൽ അഭയയെ കാണാനില്ലെന്നറിഞ്ഞപ്പോൾ പയസ് ടെൻത് കോൺ വെന്റിൽ എത്തുകയായിരുന്നു. പോലീസ് ഉദ്യോഗസ്ഥർ ഇൻക്വസ്റ്റ് തയാറാക്കുന്ന സമയത്ത് അവിടെയുണ്ടായിരുന്നു എന്നല്ലാതെ മറ്റു നടപടിക്രമങ്ങളുമായി തനിക്ക് യാതൊരു ബന്ധവുമില്ല. മൃതദേഹത്തിൽ കാണപ്പെട്ട പാടിനെപ്പറ്റി ഇൻക്വസ്റ്റ് തയാറാക്കുന്ന സമയത്ത് പോലീസിനോട് പറഞ്ഞതല്ലാതെ മറ്റൊരു കാര്യവും പറഞ്ഞിട്ടില്ല. ബി.സി.എം കോളജിൽ ഇംഗ്ലീഷ് വിഭാഗത്തിൽ താൽക്കാലികമായി ജോലി ചെയ്തിരുന്നു. അഭയ മരിച്ച അവസരത്തിൽ അവധിയിലായിരുന്നു. സഭാ സേവനത്തിന്റെ ഭാഗമായി കരുണാർദ്രസ്നേഹത്തിന്റെ വഴി തിരഞ്ഞെടുത്ത് 1993ൽ ഞീഴൂരിൽ ബുദ്ധിമാന്ദ്യമുള്ളവരെ ശുശ്രൂഷിച്ചിരുന്നു. പിന്നീട് മൂന്നുവർഷം കണ്ണൂരിൽ ആകാശപ്പറവകളുടെ ശുശ്രൂഷയിലായിരുന്നു. ഈ സ്ഥാപനം കപ്പൂച്ചിൻ സഭ ഏറ്റെടുത്തതിനെ തുടർന്ന് 1997ൽ തൊടുപുഴക്കു സമീപം പടിഞ്ഞാറെ കോടിക്കുളത്ത് ഫാ. ജെയിംസ് വടക്കേൽ നടത്തിയിരുന്ന സുവിശേഷാശ്രമത്തിൽ ശുശ്രൂഷ ചെയ്യാനെത്തി. ഇവിടെ അനാഥരായ കുട്ടികളെയും മാനസികരോഗികളെയും ശുശ്രൂഷിച്ച് വരികയാണ്. തന്നെ സഭയിൽനിന്നും പുറത്താക്കിയെന്ന ആരോപണം അടിസ്ഥാനരഹിതമാണ്. സഭയുടെ അനുമതിയോടെയാണ് വിവിധ ശുശ്രൂഷകൾക്കായി മാറിയത്. സഭാ നേതൃത്വത്തിലുള്ളവരും അല്ലാത്തവരുമായ എല്ലാ സന്യാസിനികളുമായും നല്ല ബന്ധമാണുള്ളത്. കേസുമായി ബന്ധപ്പെട്ട് അറസ്റ്റിലായ വൈദികരും സിസ്റ്റർ സെഫിയും ഇതിൽ ഉൾപ്പെട്ടുവെന്ന് വിശ്വസിക്കുന്നില്ല. സത്യം തെളിയുമെന്നാണ് കരുതുന്നത്.

## 09. കിട്ടിയവന്റെ തലയിൽ കുറ്റം ചാർത്താനുള്ള ശ്രമമെന്ന് സംശയം : ഫാ. തേലക്കാട്ട്

അഭയ കേസിൽ കുറ്റവാളിയെ കിട്ടാതായപ്പോൾ കിട്ടിയവന്റെ തലയിൽ കുറ്റം കെട്ടിവയ്ക്കാനുള്ള ശ്രമമാണ് വൈദികരുടെയും കന്യാസ്ത്രീയുടെയും അറസ്റ്റ് വഴി സിബിഐയുടെ ശ്രമമെന്ന് ശങ്കിക്കുന്നതായി എറണാകുളം- അങ്കമാലി അതിരൂപതാ ഔദ്യോഗിക വക്താവ് ഫാ.പോൾ തേലക്കാട്ട്. 16 വർഷത്തിലധികം കേരളാ പോലീസ് കുറ്റാന്വേഷണ വകുപ്പുകളും സിബിഐയുടെ തന്നെ നാല് അന്വേഷണ സംഘങ്ങളും അന്വേഷിച്ചു തെളിവില്ലെന്നു പറഞ്ഞ കേസ് അഞ്ചാമത്തെ അന്വേഷണ സംഘമായ സിബിഐയുടെ കേരളാ ഘടകം അന്വേഷണം തുടങ്ങി ദിവസങ്ങൾക്കുള്ളിൽ തെളിയിച്ചുവെന്നത് അവിശ്വസനീയമാണ്. അപ്പോൾ സാധാരണക്കാരനിലുണ്ടാകുന്ന സംശയം ഏതു സിബിഐ സംഘമാണ് സത്യം കണ്ടെത്തിയതെന്നതാണ്- അദ്ദേഹം പറഞ്ഞു. സിബിഐയുടെ കൈകൾ സഭ കെട്ടിവരിഞ്ഞിരിക്കുകയാണെന്നു പറഞ്ഞിരുന്നവർ ഇപ്പോൾ കൈയൊന്നും കെട്ടപ്പെടാത്ത സിബിഐയെ കണ്ടെത്തിയോ എന്ന് ഫാ.പോൾ തേലക്കാട്ട് ചോദിച്ചു. ചില വൈദീകരെ ക്രൂശിച്ചാൽ മാത്രമേ അന്വേഷണ സംഘം സത്യനിഷ്ഠമാകൂ എന്നാണെങ്കിൽ അതു കോടതിയിൽ തെളിയിക്കപ്പെടട്ടേയെന്നും ഫാ.പോൾ തേലക്കാട്ട് വ്യക്തമാക്കി.

## 10. അഭയാക്കേസ് : സി.ബി.ഐ നടപടി ഏകപക്ഷീയം : കത്തോലിക്കാ കോൺഗ്രസ്

അഭയാക്കേസിൽ പ്രതിസ്ഥാനത്ത് സംശയമുള്ള പലരെയും ചോദ്യംചെയ്യാത്തതും അറസ്റ്റുചെയ്യാത്തതും വിട്ടുകളയുന്നതും തെളിവുകൾ കോടതിയിൽ ഹാജരാക്കാതെ ഫാ.തോമസ് കോട്ടൂരിനെയും മറ്റും അറസ്റ്റുചെയ്തു റിമാൻഡിൽ വയ്ക്കുന്നതും വളരെ ഖേദകരമായ നടപടികളാണെന്ന് കത്തോലിക്കാ കോൺഗ്രസ് സംസ്ഥാന പ്രസിഡന്റ് എം.ഡി. ജോസഫ് മണ്ണിപ്പറമ്പിൽ പറഞ്ഞു. ഈ കേസിൽ സംശയിക്കപ്പെടുന്ന പ്രതിയായ ബിജു പണിക്കരെ അന്വേഷിച്ചു കണ്ടെത്താൻ സി.ബി.ഐ ശ്രമം നടത്തിയിട്ടില്ല. സത്യം കണ്ടുപിടിക്കണമെന്ന് കോട്ടയം രൂപതാധികാരികൾ ആദ്യംമുതൽത്തന്നെ ആവശ്യപ്പെട്ടിരുന്നു. ഒരു സമുദായത്തിന്റെ മുഴുവൻ മനസാക്ഷിയെ മുറിപ്പെടുത്തുന്ന കാര്യമായതിനാൽ സി.ബി.ഐ വിവേകപൂർവം ഈ കേസ് കൈകാര്യംചെയ്യുമെന്ന് വിശ്വസിക്കുന്നതായും എം.ഡി. ജോസഫ് മണ്ണിപ്പറമ്പിൽ പ്രസ്താവനയിൽ പറഞ്ഞു.

## 11. അറസ്റ്റിൽ ദുരൂഹത : കോട്ടയം അതിരൂപത

അതിരൂപതയിലെ രണ്ടു വൈദികരെയും ഒരു കന്യാസ്ത്രീയെയും അഭയാകേസിൽ അറസ്റ്റു ചെയ്തതിൽ ദുരൂഹതയുണ്ടെന്ന് കോട്ടയം അതിരൂപതാ ജാഗ്രതാ സമിതി പ്രസ്താവിച്ചു.16 വർഷം നിരവധി അന്വേഷണസംഘങ്ങൾ ചോദ്യം ചെയ്യലിനും ശാസ്ത്രീയ പരിശോധനകൾക്കും വിധേയമാക്കിയപ്പോൾ ആരോപണവിധേയരാവർക്കെതിരായി യാതൊരുവിധ മൊഴിയും നൽകാത്ത യുവാവ് സി.ബി.ഐ കസ്റ്റഡിയിൽ മൂന്നു ദിവസം കഴിഞ്ഞപ്പോൾ നിർണായകമായ മൊഴി കൊടുത്തുവെന്ന് പറയുന്നതിൽ ഏറെ അസ്വാഭാവികതയുണ്ട്. കോടതിയിൽ നിശിതമായ വിമർശനത്തിനു വിധേയമായ സി.ബി.ഐ മുൻകൂട്ടി തയാറാക്കിയ ഒരു തിരക്കഥപോലെ എങ്ങനെയും ഈ കേസ് കോടതിയിൽ എത്തിച്ച് തടിയൂരി മുഖം രക്ഷിക്കുവാനുള്ള നീക്കമാണ് നടത്തിയിരിക്കുന്നതെന്ന് ജാഗ്രതാ സമിതി പറഞ്ഞു. ഈ കേസിൽ ആരോപണവിധേയരായ ഏതാനും യുവാക്കളെപ്പറ്റി അന്വേഷണം നടത്തണമെന്ന് രൂപതാ വൈദികസമിതി ആവശ്യപ്പെട്ടിട്ടും സി.ബി.ഐ ഒരിക്കൽപ്പോലും ഈ ദിശയിൽ അന്വേഷണം നടത്തിയതായി അറിവില്ല. ഇപ്പോൾ അറസ്റ്റ് ചെയ്യപ്പെട്ടവർ നിരപരാധികളാണെന്നും ശരിയായ ദിശയിൽ അന്വേഷണം നടത്തിയാൽ യഥാർഥ ചിത്രം പുറത്തുവരുമെന്നും ജാഗ്രതാസമിതി പറഞ്ഞു.

## 12. സി.ബി.ഐക്കെതിരേ ആത്മഹത്യാ പ്രേരണയ്ക്കു കേസുണ്ടാവാം : ടി. ദേവപ്രസാദ്

സി.ബി.ഐ യുടെ ചോദ്യം ചെയ്യലിനെത്തുടർന്നു മുൻ പോലീസ് ഉദ്യോഗസ്ഥൻ മരിച്ച സംഭവം സംസ്ഥാന പോലീസ് സേനയിലാകെ അമർഷവും വേദനയും പടർത്തി.മരണത്തിന്റെ ഉത്തരവാദി സി.ബി.ഐയാണെന്നു ആത്മഹത്യാക്കുറിപ്പിലുണ്ടെന്നു പോലീസ് വ്യക്തമാക്കി. അസ്വാഭാവിക മരണം എന്ന പേരിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്യും. ഇൻക്വസ്റ്റ് തയാറാക്കും. പോസ്റ്റു മോർട്ടം നടത്തും. പോസ്റ്റ് മോർട്ടത്തിൽ സമീപകാലത്ത് ശാരീരിക പീഡകൾ വല്ലതും ഉണ്ടായോ എന്നും അറിയാനാവും. സി.ബി.ഐയാണ് ഉത്തര വാദിയെന്ന കുറിപ്പുകൊണ്ടു മാത്രം കേസ് എടുക്കാനാവില്ല. അഗസ്റ്റിന്റെ ആരെങ്കിലും പരാതി കൊടുക്കണം. ഭാര്യയോ മക്കളോ ആരെങ്കിലും പരാതി കൊടുത്താൽ കേസ് രജിസ്റ്റർ ചെയ്യാനും പ്രതികളെ കസ്റ്റഡിയിലെടുക്കുവാനും കോടതിയുടെ മുമ്പിൽ കൊണ്ടു വരുവാനും സാധിക്കും. ഇന്നത്തെ നിലയിൽ അവരെയും പേടിപ്പിക്കില്ലേയെന്ന ഭീതിയുണ്ട്. നേരറിയാൻ സി.ബി.ഐ നടത്തുന്ന ചോദ്യം ചെയ്യലുകളുടെ അടയാളമായി അഗസ്റ്റിൻ മലയാള മനസിനെ വേദനിപ്പിക്കുന്നു. കേസന്വേഷിക്കാനും യഥാർഥ പ്രതികളെ കണ്ടെത്താനും അല്ലാതെ അതിന്റെ പേരിൽ എന്തും ചെയ്യാൻ സി.ബി.ഐ ക്കു അനുമതി നൽകിയിട്ടില്ലെന്നു കോടതി ഓർമിപ്പിച്ച സാഹചര്യമുണ്ട്. കോടതി പറയുന്നതും നടപ്പിലാക്കുന്നതും എന്തെന്നതിന്റെ തെളിവായി അഗസ്റ്റിൻ ആത്മഹത്യാ പ്രേരണ ഗൗരവതരമായ കുറ്റമാണ്, 306 -ാം വകുപ്പ് അനുസരിച്ചു കേസെടുക്കാവുന്ന വിഷയം. ഭാര്യ ആത്മഹത്യ ചെയ്തതിനു ഭർത്താവിനെയും ഭർതൃമാതാവിനെയുമൊക്കെ പ്രതികളാക്കി കേസുകളെടുക്കുന്നത് സാധാരണയാണ്. പോലീസ് പീഡനത്തിന്റെ പേരിലുള്ള മരണത്തെച്ചൊല്ലി മനുഷ്യാവകാശ കമ്മീഷനും കേസെടുക്കാവുന്നതാണ്. ഇന്ത്യൻ പൗരന്റെ മൗലികവകാശങ്ങൾക്കു ഒരു ഓഫീസിലും വിലക്കില്ലെന്ന സത്യം ഇന്ത്യൻ നീതിവ്യവസ്ഥയുടെ ആണിക്കല്ലാണ്.മനുഷ്യാവകാശ പ്രവർത്തകർ സാധാരണ ഗതിയിൽ ഉണർന്നു പ്രവർത്തിക്കുന്ന അവസരമാണു പോലീസ് പീഡനങ്ങൾ. നാർക്കോ അനാലിസിസ് ടെസ്റ്റു പോലും മനുഷ്യാവകാശ ലംഘനമാണെന്ന് കരുതുന്നവർ ഉണ്ട്. കേരളാ പോലീസിലെ പല ഉദ്യോഗസ്ഥരെയും കൂടി ചോദ്യം ചെയ്യാനിരിക്കുന്നു എന്ന വാർത്ത കൂടി പ്രചരിക്കുന്നതോ ടെ അഗസ്റ്റിന്റെ മരണം പല കുടുംബങ്ങളിലും വല്ലാത്ത ഭീതി പടർത്തുന്നുണ്ട്.

## 13. സി.ബി.ഐയുടെ പങ്ക് പുറത്തുകൊണ്ടുവരണം : സംരക്ഷണ സമിതി

അഗസ്റ്റിന്റെ ഡയറിക്കുറിപ്പുകളും ആത്മഹത്യാ കുറിപ്പുകളും നൽകുന്ന സൂചനയനുസരിച്ചു പ്രതിസ്ഥാനത്തു നിൽക്കുന്ന സി.ബി.ഐയെതന്നെ അഗസ്റ്റിന്റെ മരണത്തെപ്പറ്റിയുള്ള കേസന്വേഷണം ഏൽപ്പിക്കുന്നതിനു പിന്നിലുള്ള നീതിബോധത്തിന്റെ രഹസ്യം സാധാരണക്കാരനു മനസിലാകുന്നില്ലെന്നു കോട്ടയം അതിരൂപത സംരക്ഷണ സമിതി. വി.വി. അഗസ്റ്റിന്റെ മരണത്തിൽ സി.ബി.ഐയുടെ പങ്ക് കണ്ടെത്തുവാൻ സുതാര്യമായ അന്വേഷണമാണു വേണ്ടതെന്നും അതിരൂപതാ സംരക്ഷണ സമിതി ചൂണ്ടിക്കാട്ടി.

## 14. അന്വേഷണം നന്മയിൽ അവസാനിക്കുമെന്നു പ്രതീക്ഷ : മാർ മൂലക്കാട്ട്

അഭയാ കേസുമായി ബന്ധപ്പെട്ടു കോട്ടയം അതിരൂപതാ ആർച്ച് ബിഷപ് മാർ മാത്യു മൂലക്കാട്ടിൽനിന്നു സി.ബി. ഐ മൊഴിയെടുത്തു. കൊച്ചി സി.ബി.ഐ ആസ്ഥാനത്തായിരുന്നു മൊഴിയെടുക്കൽ. ഉച്ച കഴിഞ്ഞ് ഒന്നേകാലോടെ ആരംഭിച്ച മൊഴിയെടുക്കൽ വൈകുന്നേരം അഞ്ചോടെ അവസാനിച്ചു. അന്വേഷണച്ചുമതലയുള്ള ഡിവൈഎസ്പി നന്ദകുമാറിന്റെ നേതൃത്വത്തിലുള്ള സംഘമാണ് വിവരങ്ങൾ ചോദിച്ചത്. അഭയാ കേസ് അന്വേഷണം നന്മയിൽ അവസാനിക്കുമെന്നു കരുതുന്നതായി മൊഴി എടുക്കലിന് ശേഷം മാർ മാത്യു മൂലക്കാട്ട് പറഞ്ഞു. ചില കാര്യങ്ങൾ ചോദിച്ചറിയുന്നതിനാണ് വിളിപ്പിച്ചത്. തനിക്ക് അറിയാവുന്ന കാര്യങ്ങളെല്ലാം സിബിഐയോട് വെളിപ്പെടുത്തിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. മുൻ അതിരൂപതാധ്യക്ഷൻ ആർച്ച് ബിഷപ് മാർ കുര്യാക്കോസ് കുന്നശേരിയിൽനിന്നു സിബിഐ സംഘം നേരത്തെ വിവരങ്ങൾ ശേഖരിച്ചിരുന്നു.

## 15. സമഗ്ര അന്വേഷണം നടത്തണം : കോട്ടയം അതിരൂപതാ ജാഗ്രതാ സമിതി

അഭയകേസിൽ കടുത്ത സമ്മർദങ്ങൾക്കു വിധേയനായി മുൻ എഎസ്ഐ അഗസ്റ്റിൻ ജീവനൊടുക്കേണ്ടിവന്ന സാഹചര്യങ്ങളെക്കുറിച്ച് സമഗ്ര അന്വേഷണം നടത്തണമെന്നു കോട്ടയം അതിരൂപത ജാഗ്രതാ സമിതി ആവശ്യപ്പെട്ടു. തന്റെ മരണത്തിനുത്തരവാദി സി.ബി.ഐ ആണെന്ന ആത്മഹത്യാക്കുറിപ്പ് അദ്ദേഹം അനുഭവിക്കേണ്ടിവന്ന മാനസിക പീഡനത്തിന്റെ രൂക്ഷത വ്യക്തമാക്കുന്നു. കുറച്ചു ദിവസങ്ങളിലായി അഗസ്റ്റിൻ കസ്റ്റഡിയിലായിരുന്നുവെന്ന് മാധ്യമങ്ങളിൽ റിപ്പോർട്ടുണ്ടായിരുന്നു.ഇത്തരത്തിൽ കസ്റ്റഡിയിൽ കഴിഞ്ഞ അഗസ്റ്റിൻ ആത്മഹത്യ ചെയ്യേണ്ടിവന്നതിന്റെ പൂർണ ഉത്തരവാദിത്വം സി.ബി.ഐയ്ക്കാണ്. കസ്റ്റഡിയിലിരിക്കെ അദ്ദേഹത്തെ കടുത്ത സമ്മർദങ്ങൾക്കു വിധേയനാക്കിയെന്ന് ഇതുവഴി തെളിഞ്ഞതായി ജാഗ്രതാ സമിതിക്കുവേണ്ടി ഫാ. ജോസഫ് ഈഴറാത്തും സാബു കുര്യൻ ഇഞ്ചനാട്ടും ചൂണ്ടിക്കാട്ടി. കേസിൽ നിർണായക മൊഴി നൽകിയെന്നു പറയപ്പെടുന്ന സഞ്ജു പി.മാത്യുവും സമ്മർദങ്ങൾക്ക് വിധേയമായാണ് മൊഴി നൽകേണ്ടിവന്നതെന്നുള്ള ആരോ പണം ഇതോടൊപ്പം ചേർത്തു വായിക്കേണ്ടതാണ്. സഞ്ജു എവിടെയാണ് ഇപ്പോഴുള്ളതെന്നുപോലും ആർക്കുമറിയില്ല. നിരവധി കന്യാസ്ത്രീകളെ ഈ ദിവസങ്ങളിൽ സി.ബി.ഐ നിരന്തരമായ ചോദ്യംചെയ്യലിന് വിധേയമാക്കുന്നുണ്ട്. മാനസികമായി കടുത്ത സംഘർഷമുളവാക്കുന്ന ചോദ്യംചെയ്യലാണ് അവർക്കു നേരിടേണ്ടിവരുന്നത്. രാവിലെ വിളിച്ചുവരുത്തിയശേഷം രാത്രി വൈകുവോളം ചോദ്യംചെയ്യൽ തുടരുന്നു. താമസസ്ഥലത്ത് തിരിച്ചെത്തിയാൽ വനിതാ പോലീസ് രാത്രി കൂടെയുണ്ടാകും. വീണ്ടും അടുത്ത ദിവസം ചോദ്യം ചെയ്യൽ തുടരും. ഇത്തരത്തിൽ മാനസിക വിഭ്രാന്തിയിലാഴ്ത്തുന്ന നടപടികൾ കടുത്ത മനുഷ്യാവകാശ ലംഘനമാണെന്ന് ജാഗ്രതാ സമിതി അഭിപ്രായപ്പെട്ടു. ഇപ്പോൾ സി.ബി.ഐ കസ്റ്റഡിയിലുള്ള രണ്ട് വൈദികരുടെയും സിസ്റ്ററിന്റെയും അവസ്ഥയെപ്പറ്റി ഇത്തരത്തിൽ ആശങ്ക ഉയരുന്നു. അഭിഭാഷകനെ കാണാൻപോലും പറ്റാത്ത സാഹചര്യമാണുള്ളതെന്നും ജാഗ്രതാസമിതി ചൂണ്ടിക്കാട്ടി.

## 16. ഇതു മനുഷ്യാവകാശ ലംഘനം : കോട്ടയം അതിരൂപത വൈദിക സമ്മേളനം

അഭയ കേസിൽ രണ്ടു വൈദികരേയും ഒരു കന്യാസ്ത്രീയേയും എല്ലാ നിയമ-മനുഷ്യാവകാശ നടപടിക്രമങ്ങളും കാറ്റിൽ പറത്തിക്കൊണ്ട് അറസ്റ്റ് ചെയ്തതിൽ കോട്ടയം അതിരൂപതയിലെ വൈദികരുടെ സമ്പൂർണ സമ്മേളനം കടുത്ത പ്രതിഷേധം രേഖപ്പെടുത്തി.വൈദികരേയും സമർപ്പിതരേയും താറടിക്കാനും സഭയെ തളർത്തുവാനുമുള്ള ആസൂത്രിത ശ്രമമല്ലേ ഇതെന്നു സംശയിക്കേണ്ടിയിരിക്കുന്നതായി സമ്മേളനം വിലയിരുത്തി.ഈ കേസിൽ ബാഹ്യശക്തികളെപ്പറ്റി എപ്പോഴും പരാമർശിക്കുന്ന ചില വ്യക്തികളുടെ ഉദ്ദേശശുദ്ധിയിൽ സംശയമുണ്ട്. കേസിൽ ഏതെങ്കിലും തരത്തിലുള്ള സ്വാധീനം ഉണ്ടായിട്ടുണ്ടെങ്കിൽ അന്വേഷണ ഏജൻസി അതു കണ്ടെത്തണമെന്നു സമ്മേളനം ആവശ്യപ്പെട്ടു.സി.ബി.ഐ കസ്റ്റഡിയിൽ കഴിയുന്ന വൈദികർക്കും കന്യാസ്ത്രീക്കും അഭയയുടെ മരണവുമായി യാതൊരു ബന്ധവുമില്ലെന്നു തങ്ങൾക്ക് ഉത്തമബോധ്യമുണ്ടെന്നു സമ്മേളനം അറിയിച്ചു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നു ലഭിക്കുന്ന പ്രാർഥനകളും ആശ്വാസ വചസുകളും സമ്മേളനം നന്ദിയോടെ അനുസ്മരിച്ചു.എസ്.എച്ച്. മൗണ്ട് സെമിനാരി ഹാളിൽ ചേർന്ന സമ്മേളനത്തിൽ അതിരൂപതയിലെ ഇരുന്നൂറോളം വൈദികർ പങ്കെടുത്തു.

## 17. അന്വേഷണം നീതിനിഷ്ഠമാകണം : പാരിഷ് കൗൺസിൽ

സിസ്റ്റർ അഭയയുടെ ദുരൂഹ മരണം സംബന്ധിച്ചു നീതിനിഷ്ഠമായ അന്വേഷണം ഉണ്ടാകണമെന്നു കോട്ടയം ക്രിസ്തുരാജ കത്തീഡ്രൽ അങ്കണത്തിൽ ചേർന്ന കത്തീഡ്രൽ പാരിഷ് കൗൺസിൽ യോഗം ആവശ്യപ്പെട്ടു. കുറ്റവാളികൾ തീർച്ചയായും ശിക്ഷിക്കപ്പെടണം. അതിനു രണ്ടുപക്ഷമില്ല. കേസിൽ ആരോപണവിധേയരായ ഏതാനും യുവാക്കളെപ്പറ്റി ഇതുവരെയും അന്വേഷണം നടത്തിയതായി അറിവില്ല. അന്വേഷണം എന്നും ഒരേ ദിശയിൽ മാത്രം. ഇക്കാര്യത്തിൽ പാരിഷ് കൗൺസിലിന്റെ വേദനയും അമർഷവും രേഖപ്പെടുത്തി. മുൻ എഎസ്ഐ അഗസ്റ്റിൻ, സിസ്റ്റർ അഭയ കേസുമായി ബന്ധപ്പെട്ട് കടുത്ത സമ്മർദങ്ങൾക്കു വിധേയനായി മരണപ്പെട്ട സാഹചര്യത്തെക്കുറിച്ചു സമഗ്രമായി അന്വേഷണം വേണം. അന്യായമായി കസ്റ്റഡിയിൽ സൂക്ഷിച്ചിരിക്കുന്ന സഞ്ജു പി. മാത്യുവിനെ മോചിപ്പിച്ചു നിയമാനുസൃതം ചോദ്യം ചെയ്യണമെന്നും മനുഷ്യത്വംപോലും നിഷേധിച്ചുകൊണ്ടുള്ള ഇപ്പോഴത്തെ കേസ് അന്വേഷണത്തിൽ മനുഷ്യാവകാശ കമ്മീഷൻ ഇടപെടണമെന്നും യോഗം ആവശ്യപ്പെട്ടു. കോട്ടയം അതിരൂപത ആഹ്വാന പ്രകാരം കത്തീഡ്രലിൽ പ്രത്യേകം ഉപവാസ പ്രാർഥനകളും നടത്തി.

## 18. മനുഷ്യാവകാശ കമ്മീഷൻ ഇടപെടണം : അമേരിക്കൻ ക്നാനായ സംരക്ഷണസമിതി

അഭയാ കേസിന്റെ പേരിൽ കൂടുതൽ മനുഷ്യജീവിതങ്ങൾ ബലിയർപ്പിക്കപ്പെടാതിരിക്കാൻ മനുഷ്യാവകാശ കമ്മീഷൻ അടിയന്തരമായി ഇടപെടണമെന്ന് നോർത്ത് അമേരിക്കൻ ക്നാനായ സംരക്ഷണസമിതി ചെയർമാനും ക്നാനായ കാത്തലിക് കോൺഗ്രസ് ഓഫ് നോർത്ത് അമേരിക്കയുടെ മുൻ നാഷണൽ പ്രസിഡന്റുമായ ജോസ് കണിയാലി ആവശ്യപ്പെട്ടു. 16 വർഷം മുമ്പ് നടന്ന സിസ്റ്റർ അഭയയുടെ മരണവുമായി ബന്ധ പ്പെട്ട് ഇൻക്വസ്റ്റ് തയാറാക്കിയ എഎസ്ഐ അഗസ്റ്റിനെ ആത്മഹത്യയിലേക്കു നയിച്ച സാഹചര്യം അന്വേഷിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. കേസുമായി ബന്ധമുണ്ടെന്ന സംശയത്തിന്റെ പേരിൽ സന്യാസിനികൾ ഉൾപ്പെടെയുള്ളവർ കടുത്ത മാനസിക പീഡനം അനുവിച്ചുകൊണ്ടിരിക്കുകയാണ്. കുറ്റാരോപിതരെ കാണാൻ അഭിഭാഷകർക്കു പോലും അവസരം നിഷേധിക്കുന്നത് കടുത്ത മനുഷ്യാവകാശ ലംഘനമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. അഭയാ കേസിന്റെ പേരിൽ ക്നാനായ സമുദായത്തെ അധിക്ഷേപിക്കുന്ന പ്രവണതയ്ക്കെതിരേ പ്രതികരിക്കാൻ ഷിക്കാഗോ ക്നാനായ കാത്തലിക് കമ്യൂണിറ്റി സെന്ററിൽ ചേർന്ന സമ്മേളനം നോർത്ത് അമേരിക്കൻ ക്നാനായ സംരക്ഷണ സമിതിക്കു രൂപം നൽകി.

## 19. എ.എസ്ഐയുടെ മരണം : സമഗ്ര അന്വേഷണം വേണം : റവ. ഡോ. മാണി പുതിയിടം

എ.എസ്ഐ വി.വി അഗസ്റ്റിന്റെ മരണത്തെക്കുറിച്ച് സമഗ്ര അന്വേഷണം വേണമെന്ന് ചങ്ങനാശേരി അതിരൂപത പി.ആർ.ഒ റവ. ഡോ. മാണി പുതിയിടം ആവശ്യപ്പെട്ടു. സി.ബി.ഐയുടെ അന്വേഷണത്തിനും ചോദ്യം ചെയ്യലിനും വിധേയനായ ആളാണ് അഗസ്റ്റിൻ. പ്രതികളെന്നു സംശയിക്കുന്നവരെ നടപടിക്രമം നോക്കാതെ അറസ്റ്റു ചെയ്തതിനു കോടതിയുടെ ശകാരം ഏറ്റുവാങ്ങിയവരാണ് അഭയ കേസ് അന്വേഷിക്കുന്ന സി.ബി.ഐ ഉദ്യോഗസ്ഥർ. ഇപ്രകാരമുള്ള ഉദ്യോഗസ്ഥരുടെ ചോദ്യം ചെയ്യലിനെത്തുടർന്നാണ് അഗസ്റ്റിൻ ആത്മഹത്യ ചെയ്തതെന്നത് അന്വേഷണത്തിന്റെ ദുരൂഹത വർധിപ്പിക്കുന്നു. മാത്രമല്ല, സി.ബി.ഐയാണ് തന്റെ മരണകാരണമെന്ന് അദ്ദേഹം തന്റെ മരണക്കുറിപ്പിൽ പറഞ്ഞതായും കേൾക്കുന്നു. അതിനാൽ ഇക്കാര്യത്തിൽ സമഗ്ര അന്വേഷണം ആവശ്യമാണെന്നും റവ. ഡോ. മാണി പുതിയിടം ആവശ്യപ്പെട്ടു.

## 20. ജുഡീഷ്യൽ അന്വേഷണം വേണം : സി.എൽ.സി

ഇന്നലെ മരിച്ച നിലയിൽ കണ്ടെത്തിയ വി.വി അഗസ്റ്റിനെ സിബിഐ മാനസികമായി പീഡിപ്പിച്ചിട്ടുണ്ടോ എന്നറിയാൻ ജനത്തിന് അവകാശമുണ്ടെന്ന് സി.എൽ.സി സംസ്ഥാന പ്രമോട്ടർ ഫാ. ജോസ് വയലിക്കോടത്ത് അഭിപ്രായപ്പെട്ടു. ഇക്കാര്യത്തിൽ ജുഡീഷ്യൽ അന്വേഷണം ആവശ്യമാണ്- അദ്ദേഹം പറഞ്ഞു.